## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1967 11.06.18 ൽ മറുപടി നൽകേണ്ടിയിരുന്നത്**

### സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡം

| ചോദ്യം<br>ശ്രീ . സി.കെ ശശീന്ദ്രൻ | | മറുപടി<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡം ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കി എന്ന് അറിയിക്കാമോ; | (എ) | സഹകരണം, വിവര പൊതുജനസമ്പർക്ക വകുപ്പുകൾ ഒഴികെയുള്ള പൊതുസ്ഥലംമാറ്റം ബാധകമായ ചുവടെ ചേർക്കുന്ന വകുപ്പുകളിൽ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡം നടപ്പിലാക്കിയിട്ടുണ്ട്.<br>കൃഷി, ആയുഷ്, തീരദേശ കപ്പൽ ഗതാഗത ഉൾനാടൻ ജലഗതാഗതം, പരിസ്ഥിതി, ധനകാര്യം, വനം വന്യജീവി, ആരോഗ്യവും കുടുംബക്ഷേമവും, വ്യവസായം, തൊഴിലും നൈപുണ്യവും, നിയമം, പൊതുമരാമത്ത്, റവന്യൂ, സാമൂഹ്യനീതി, വിനോദ സഞ്ചാരം, വിജിലൻസ്, ജലവിഭവം, ആഭ്യന്തരം, പിന്നോക്ക വിഭാഗവികസനം, മൃഗസംരക്ഷണം, ഊർജ്ജം, ഭക്ഷ്യവും പൊതുവിതരണവും, ആസൂത്രണവും സാമ്പത്തികകാര്യവും, തദ്ദേശസ്വയംഭരണം, തുറമുഖം, മത്സ്യബന്ധനം, പട്ടികജാതി/പട്ടികവർഗ്ഗവികസനം, സാംസ്കാരികം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, നികുതി, ഗതാഗതം, സൈനികക്ഷേമം, വനിതാ-ശിശു വികസനം |
| (ബി) | സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡം എല്ലാ വകുപ്പുകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കാമോ? | | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 25.02.2017-ലെ സ.ഉ(പി) നം.3/2017/ഉ.ഭ.പ.വ പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ എല്ലാ വകുപ്പുകൾക്കും ബാധകമാണ്. പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം നിശ്ചിത സമയപരിധിക്കുള്ളിൽ നടത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ എല്ലാ വകുപ്പുമേധാവികൾക്കും ഇതിനോടകം നിർദ്ദേശവും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**